# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025/26

# കണ്ണാടി

## ജി എൽ പി എസ്  മാളിക

# ആമുഖം

വയനാട് ജില്ലയിൽ സുൽത്താൻബത്തേരിയിലെ നൻമേനി ഗ്രാമപഞ്ചായത്തിൽ 22 ആം വാർഡിലാണ് മാളിക എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നത് .പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച കൊണ്ടിരിക്കുന്ന ഒരു സ്കൂളാണ് മാളിക. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു .എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു .അക്കാദമി രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനം കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. അക്കാദമി രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ബൗദ്ധിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി ടി എ യുടെ ഇടപെടലും നാട്ടുകാർ ,ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു .കൂടാതെ ഹരിത ഭംഗിയാർന്ന ജൈവ സമ്പന്നതയിൽ അലംകൃതമായ സ്കൂൾ ക്യാമ്പസ് ,ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിൻറെ മുഖമുദ്രയാണ്.

## സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല: വയനാട്
2. സ്കൂൾ കോഡ്: 15328
3. സ്കൂളിൻറെ പേര്: ജി എൽ പി എസ് മാളിക
4. മേൽവിലാസം: മാളിക അമ്പലവയൽ പി. ഓ
5. പിൻകോഡ്:673593
6. ഇമെയിൽ: malikaglps166@gmail.com
7. ഗ്രാമപഞ്ചായത്ത്: നെന്മേനി
8. വിദ്യാഭ്യാസ ജില്ല: വയനാട്
9. സബ്ജില്ല: സുൽത്താൻബത്തേരി
10. ക്ലാസുകൾ: പ്രീ പ്രൈമറി മുതൽ നാലാംക്ലാസ് വരെ
11. പഠന മാധ്യമം: മലയാളം
12. മാനേജ്മെൻറ്: ഗവൺമെൻറ്

# അധ്യാപകരും വിവരങ്ങളും

| പേര് | ചുമതല |
|---|---|
| ഷൈല | എച്ച് എം |
| ദില്ല | സീനിയർ ആരോഗ്യം ഉച്ചഭക്ഷണം |
| നിഷ | വിദ്യാരംഗം ഇംഗ്ലീഷ് കണക്ക് |
| ബാലശാന്തി | എസ് ആർ ജി മലയാളം ലൈബ്രറി |
| സെയ്തലവി | സ്റ്റാഫ് സെക്രട്ടറി |
| അജിത എൻ വി | അച്ചടക്കം |
| രതി | പൂന്തോട്ടം പച്ചക്കറി |
| ഹേമലത | ശുചീകരണം |
| | |

Tab 1

# സ്കൂൾ ചരിത്രം

1981ൽ 62 കുട്ടികളുമായി അടുത്തുള്ള മദ്രസ കെട്ടിടത്തിൽ മാളിക ഗവൺമെൻറ് എൽ പി സ്കൂൾ പ്രവർത്തനമാരംഭിച്ചു. ഏതാനും വർഷങ്ങൾക്ക് ശേഷം ഈ കുന്നും പ്രദേശത്ത് 2.6 4 ഏക്കർ സ്ഥലത്ത് 5 ക്ലാസ് മുറികളുള്ള ഓടിട്ട കെട്ടിടം നാട്ടുകാരുടെ വിദ്യാലയത്തിനും വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത ആത്മസമർപ്പണത്തിന്റെയും അത്യുൽസാഹത്തിന്റെയും കഥയാണ്. നാലു വർഷങ്ങൾക്ക് ശേഷം രണ്ട് ക്ലാസ് മുറികൾ കൂടി പണിയുകയുണ്ടായി .32 വർഷങ്ങൾക്ക് ശേഷം നെൻമേനി ഗ്രാമപഞ്ചായത്ത് ഈ കെട്ടിടം നവീകരിക്കുന്നതിനായി 5 ലക്ഷം രൂപ അനുവദിച്ചതിന്റെ ഭാഗമായി ഈ കെട്ടിടത്തിന്റെ മേൽക്കൂരനവീകരിച്ച് മേഞ്ഞു. 2017 ജനുവരി 27ന് വിദ്യാലയ സംരക്ഷണ യജ്ഞം ഉദ്ഘാടനത്തിന് 45 ഓളം പടക്കതിരകളും പിടിഎ അംഗങ്ങളും ചേർന്ന് ഒരു തീരുമാനമെടുത്തു. ഒരു ക്ലാസ് മുറി ഹൈടെക് ആക്കുക പങ്കെടുത്ത മുഴുവൻ അംഗങ്ങളും ഒരു നിശ്ചിത തുക നൽകാമെന്നേറ്റു .തുടക്കം ബഹുമാനപ്പെട്ട എംഎൽഎ ഐ സി ബാലകൃഷ്ണൻ നിർവഹിച്ചു. അതിനുവേണ്ടി എംഎൽഎ ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ നമുക്ക് അനുവദിച്ച .നമ്മുടെ ലക്ഷ്യം 2020 ൽ അന്തർദേശീയ നിലവാരമുള്ള വിദ്യാലയം എന്നായിരുന്നു. അക്കാദമിക രംഗങ്ങളിലും കലാകായിക ശാസ്ത്ര രംഗങ്ങളിലും മികച്ച നിലവാരം പുലർത്തുന്ന ഈ സ്കൂൾ 45 വർഷം പിന്നിട്ടിട്ടും ഭൗതിക സാഹചര്യങ്ങളിൽ ഇനിയും മുന്നേറേണ്ടത് ആയിട്ടുണ്ട്. പ്രീ പ്രൈമറി മുതൽ നാലാം തരം വരെ നൂറോളം കുട്ടികൾ ഈ സ്കൂളിൽ ഇപ്പോൾ പഠിക്കുന്നു .പ്രീ പ്രൈമറിയിൽ രണ്ട് ടീച്ചറും ഒരു ആയയും സേവനമനുഷ്ഠിക്കുന്നു .ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി അഞ്ച് അധ്യാപകരും ഒരു അനധ്യാപക ജീവനക്കാരിയും ജോലി ചെയ്യുന്നു .ഒരു എൽ പി സ്കൂൾ എന്നത് ഈ സ്കൂളിലെ അഡ്മിഷനെ സാരമായി ബാധിക്കുന്നു എന്നുള്ള കാര്യം എടുത്തു പറയേണ്ടതാണ് . നാലാം ക്ലാസ് കഴിയുമ്പോൾ മറ്റ് സ്കൂളിലേക്ക് മാറ്റി ചേർക്കേണ്ടതിനാൽ രക്ഷിതാക്കൾ അടുത്തുള്ള ഹൈസ്കൂളുകളിൽ ഒന്നാംതരത്തിൽ ചേർക്കുവാൻ താല്പര്യപ്പെടുന്നു. ജി എൽ പി എസ് മാളിക ഒരു യുപി സ്കൂളായി ഉയർത്തുക അതിനുള്ള സഹകരണം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു

Tab 2

## ജി എൽ പി എസ് മാളിക ഇന്ന്

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ 7 അധ്യാപകരും മറ്റു അനദ്ധ്യാപകരും ഉൾപ്പെടെ 12 സ്റ്റാഫ് ആണ് ഉള്ളത്. പ്രീ പ്രൈമറി കുട്ടികൾക്ക് കളിക്കാൻ ഒരുക്കിയിരിക്കുന്ന വർണ്ണ കൂടാരം പാർക്ക് കുട്ടികൾക്ക് കളിക്കാനുള്ള വിശാലമായ മൈതാനം എന്നിവ ഏവരെയും ആകർഷിക്കുന്നു. പ്രീ പ്രൈമറി ക്ലാസ് മുതൽ നാലാം ക്ലാസ് വരെ എല്ലാ ക്ലാസ്റൂമുകളും ഹൈടെക് ആണ് .ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ആയിട്ടുള്ള ടോയ്‌ലറ്റുകൾ. കുട്ടികൾക്ക് കളിക്കാനുള്ള വിവിധ കളി ഉപകരണങ്ങൾ. എല്ലാത്തരത്തിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നിട്ടുനിൽക്കുന്ന നെന്മേനി ഗ്രാമപഞ്ചായത്തിലെ എൽ പി സ്കൂളുകളിൽ ഒന്നാണ് ജി എൽ പി എസ് മാളിക.

# <u>പ്രവർത്തനങ്ങൾ</u>

1.കഥ
2. കവിത
3.ചിത്രരചനകൾ
4.വായന
5. പദ കാർഡ് നിർമ്മാണം
6. ചിത്ര കാർഡ് വായന
7. പദ കാർഡ് വായന
8. വായന മത്സരം
9. പത്രവായന
10.ദൃശ്യവായന
11.പുസ്തക വായന
12. ചിത്ര വായന
13.പുസ്തകത്തെ പരിചയപ്പെടാം
14.സൂചനകൾ നൽകി കഥാരചന
15. നാടൻ കഥകൾ കവിതകൾ കേൾക്കൽ
16.കഥാവതരണം
17.പ്രസംഗം
18.നിർമ്മാണ പ്രവർത്തനങ്ങൾ 19.ക്ഷണക്കത്ത് നിർമ്മാണം 20.സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ
21.ലൈബ്രറി പുസ്തക വായന
22.വായിച്ച പുസ്തകത്തിൻറെ ആശയം പറയൽ
23.സാഹിത്യക്വിസ്
24. പത്രവാർത്ത പതിപ്പ്
25.കഥാപാതിപ്പ്
26.കവിത പതിപ്പ്
27.ചിത്രപതിപ്പ്
28.ചിത്രകഥ തയ്യാറാക്കൽ
29.റീഡേഴ്സ് തിയേറ്റർ
30.പാട്ട് അരങ്ങ്
31.കവിതകേളി
32.പാചകക്കുറിപ്പ് തയ്യാറാക്കൽ 33.സംഘപ്രവർത്തനങ്ങൾ
34.കവിയരങ്ങ്
35. അക്ഷരശ്ലോകം
36.അസംബ്ലിയിൽ പത്രവാർത്തവായന
37. കുറിപ്പ് തയ്യാറാക്കൽ 38.ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
39.വായന മത്സരം
40.എൻറെ പാട്ടുപുസ്തകം തയ്യാറാക്കൽ 41.പദസൂര്യൻ പൂർത്തിയാക്കൽ 42.വിട്ടുപോയവ കണ്ടെത്തൽ
44.വർക്ക് ഷീറ്റ്
45.ക്വിസ്സ് മത്സരങ്ങൾ
46. സംയുക്ത ഡയറി

47. യാത്രാവിവരണം
48. ഗണിതകേളികൾ

# പ്രശ്നങ്ങൾ വെല്ലുവിളികൾ

## അക്കാദമികം

1.മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2.കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉണ്ടാവുന്നില്ല .
3.പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
4. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദം ആകുന്നില്ല.

5.5% കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ കൈവരിക്കാൻ ക്കഴിയുന്നില്ല.

## ഭൗതികം

1.റിസോഴ്സ് റൂമുകളുടെ അഭാവം 2.ടോയ്ലറ്റിലേക്കുള്ള നടപ്പാത ഇല്ല 3.ഡൈനിങ് ഹാൾ
4.അടുക്കള

## സാമൂഹികം

<u>1.വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ ലഭിക്കുന്നതിന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല.</u>
<u>2. പൂർവ വിദ്യാർത്ഥി സംഘടന പൂർവ്വ അധ്യാപക സംഘടന വേണ്ടവിധം പ്രയോഗിക്കാൻ സാധിക്കുന്നില്ല</u>

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3.ഇംഗ്ലീഷ് പഠനം അനായസകരമാക്കൽ 4.വായനശേഷി വർദ്ധിപ്പിക്കൽ
5.ശാസ്ത്ര പോഷണ പരിപാടി
6.ലൈബ്രറി ഉപയോഗം
7.ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ 8.സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
9.പഠന യാത്രകൾ
10.സ്കൂൾ പത്രം മാസിക
11. അധ്യാപക ശാക്തീകരണം സ്കൂൾ എസ് ആർ ജിതലം
12. പ്രവർത്തി പരിചയ പരിശീലനം 13.പച്ചക്കറിത്തോട്ടം
14.കായിക ശേഷി വികസനം
15.ഐടി പഠനം കാര്യക്ഷമമാക്കൽ
16. ജന്മദിന പുസ്തകം
17ചിത്രരചന ക്യാമ്പ്
18. ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയ മേളകൾ
19. ക്ലാസ് പിടിഎ കാര്യക്ഷമമാക്കൾ
20. സമഗ്ര ഗുണമേന്മ കൈവരിക്കൽ
21. ഓരോ കുട്ടിയിലും പ്രതീക്ഷിക്കുന്ന ലക്ഷ്യം കൈവരിക്കൽ

# നിലവിലുള്ള ഭൗതിക  സാഹചര്യങ്ങൾ

ക്ലാസ് മുറികൾ
ലാപ്ടോപ്പ്
പ്രൊജക്ടർ
ബോർഡ്
ഇൻററർനെറ്റ്
സ്റ്റേജ്
അടുക്കള
കളിസ്ഥലം
ലൈബ്രറി
ചുറ്റുമതിൽ
ബോർവെൽ

ആൺകുട്ടികൾക്കുള്ള ടോയ്ലറ്റ് പെൺകുട്ടികൾക്കുള്ള ടോയ്ലറ്റ്

# ഉപസംഹാരം

ഗവ. എൽ പി സ്കൂൾ മാളികയുടെ ഈ അക്കാദമിക മാസ്ററർ പ്ലാൻ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായി ആസൂത്രണം ചെയ്ത് തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്ററർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.